ഭരണഭാഷ-മാതൃഭാഷ

അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ. എ.മുരളീധരൻ)

നമ്പർ. 1408/2018/ഇ2/ഡിപി

തിരുവനന്തപുരം
തീയതി: 02.07.2019.

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജി.ഒ (പി) നം. 1/91/P&ARD തീയതി. 07.01.1991.
2. വാഴൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ ക്ലാർക്കായ ശ്രീമതി.കെ.ഫാരിദാ-ബീവിയുടെ 19.06.2019-ലെ അപേക്ഷകൾ.

ഉത്തരവ്

അച്ചടി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലെ സീനിയർ ക്ലാർക്കായ ശ്രീ.എച്ച്.എസ്.ജയൻ 30.06.2019ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ, ടി വകുപ്പിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഒരു സീനിയർ ക്ലാർക്കിന്റെ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേക്ക് താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നം	പേര്, തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം	സ്ഥാനക്കയറ്റം/സ്ഥലം-മാറ്റം നൽകി നിയമി ക്കുന്ന കാര്യാലയം	ആരുടെ ഒഴിവിൽ	സ്ഥാനക്കയറ്റം/ സ്ഥലംമാറ്റത്തിന്റെ സ്വഭാവം
1.	ശ്രീമതി.ജിഷ.ആർ.എസ്., ക്ലാർക്ക് (ഹയർ ഗ്രേഡ്) ഗവ. പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം.	സ്ഥാനക്കയറ്റം സീനിയർ ക്ലാർക്ക്, (25200 - 54000) (01/07/2019 പ്രാബല്യം) ഗവ. പ്രസ്സ്, വാഴൂർ	ശ്രീമതി.കെ. ഫാരിദാ ബീവിക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ	ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്
2.	ശ്രീമതി കെ. ഫാരിദാ ബീവി, സീനിയർ ക്ലാർക്ക്, ഗവ. പ്രസ്സ്, വാഴൂർ	സ്ഥലംമാറ്റം സീനിയർ ക്ലാർക്ക്, എ1 സീറ്റ് ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.	ശ്രീ.എച്ച്.എസ്. ജയൻ 30.06.2019-ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ	ഓപ്ഷൻ

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ ഉടനടി വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള നടപടികൾ അതാത് സെക്ഷൻ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ രേഖാമൂലം കൈമാറേണ്ടതും ആയത് രേഖാമൂലം കൈപ്പറ്റേണ്ടതുമാണ്.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ചവർക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്കും ചേരുംകാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിച്ചവർക്ക് ചേരുംകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയത്തിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുള്ള പക്ഷം നിയമാനുസൃതമായ യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ജി.ഒ.(പി) 480/89/ധനകാര്യം തീയതി 01.11.1989.

ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം; ഗവൺമെന്റ് പ്രസ്സ് , മണ്ണന്തല ; ഗവൺമെന്റ് പ്രസ്സ് , വാഴൂർ എന്നീ കാര്യാലയങ്ങളിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തിക യിലെ അംഗസംഖ്യാബലം ചുവടെ ചേർക്കുന്നു.

കാര്യാലയം	നിലവിൽ		പരിഷ്കരിച്ചത്	
	ക്ലാർക്ക്	സീനിയർ ക്ലാർക്ക്	ക്ലാർക്ക്	സീനിയർ ക്ലാർക്ക്
ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം	35	32	35	32
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല	4	7	4	7
ഗവൺമെന്റ് പ്രസ്സ്, വാഴൂർ	2	4	2	4

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, വാഴൂർ/മണ്ണന്തല
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ
സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./ ജൂനിയർ സൂപ്രണ്ട്, ഇI, എI, ബഡ്ജറ്റ്,
കണ്ടന്റ് മാനേജ്മെന്റ്/ഹെഡ് ക്ലാർക്ക് ജിസിപി, ക്യാഷ്യർ./
ജിസിപി. ഇ2, എ.4 സീറ്റുകൾ/ കരുതൽ ഫയൽ./ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

ജെ.എസ്.